**2024ലെ ഇടശ്ശേരി പുരസ്കാരം ആർ ചന്ദ്രബോസിനെ 'വാക്കിന്റെ രൂപാന്തരങ്ങൾ' എന്ന നിരൂപണഗ്രന്ഥത്തിന് .**

കൊല്ലം സ്വദേശിയായ ചന്ദ്രബോസ് കാസർകോട് കേരള കേന്ദ്രസർവകലാശാല മലയാളം അധ്യാപകനാണ്.

എന്തുകൊണ്ട് വാക്കിന്റെ രൂപാന്തരങ്ങൾ എന്ന നിരൂപണഗ്രന്ഥം അവാർഡിനായി തെരഞ്ഞെടുത്തു എന്ന് ഡോ കെ പി മോഹനൻ ജൂറി അംഗം എന്ന നിലയിലും ഇടശ്ശേരി സ്മാരക സമിതിയുടെ വൈസ് പ്രസിഡണ്ട് എന്ന നിലയിലും വിശദമായിത്തന്നെ പറഞ്ഞു. വ്യത്യസ്ത വിഭാഗങ്ങളിലുള്ള നിരൂപണഗ്രന്ഥങ്ങൾ അവസാനവട്ട പരിഗണനയ്ക്ക് മുന്നിലെത്തുമ്പോൾ ഏതു കൃതി പരിഗണിക്കണം എന്ന ആഴമേറിയ ചർച്ചയുടെയൊടുവിലായിരുന്നു ഈ പുസ്തകം തെരഞ്ഞെടുത്തത്. കവിതയെ മുൻനിർത്തി കാവ്യസൗന്ദര്യത്തിന്റെ വിശദാംശങ്ങളിലേക്ക് പോകുകയും,ആശാൻ മുതൽ ഏറ്റവും പുതിയ കവിത വരെ ചർച്ചയ്ക്ക് സ്വീകരിക്കുകയും ചെയ്ത ഒരു നിരൂപണഗ്രന്ഥത്തിന് പുരസ്കാരം നൽകേണ്ടുന്ന ബാധ്യതയാണ് ഇടശ്ശേരിസ്മാരകസമിതി നിവ്വഹിച്ചതെന്ന് പുരസ്കാര ഗ്രന്ഥത്തെ പരിചയപ്പെടുത്തിക്കൊണ്ട് അർത്ഥശങ്കയ്ക്കിടമില്ലാതെ അദ്ദേഹം വ്യക്തമാക്കി.

തന്റെ ഔദ്യോഗിക ജീവിതത്തിന്റെ ആദ്യഘട്ടങ്ങളിൽ താൻ ജോലി ചെയ്തിരുന്ന തവനൂരിലെ കേളപ്പൻ മെമ്മോറിയൽ പോസ്റ്റ് ബേസിക് സ്കൂളിനെക്കുറിച്ചുള്ള ഓർമ്മകളിലൂടെയാണ് വാക്കിന്റെ രൂപാന്തരങ്ങൾ എന്ന നിരൂപണഗ്രന്ഥത്തിന് ഇടശ്ശേരി പുരസ്കാരം സ്വീകരിച്ചുകൊണ്ട് ആർ ചന്ദ്രബോസ് മറുപടി പ്രസംഗം തുടങ്ങിയത്. തവനൂരും പരിസരത്തും താൻ ജീവിച്ച കാലത്ത് വായിച്ചു തീർത്ത പൊന്നാനിക്കളരിയുടെ സാഹിത്യസംഭാവനകളെ മുൻനിർത്തി,തന്റെ എഴുത്ത് ജീവിതത്തിന്റെ ഗതിവിഗതികളെ ചന്ദ്രബോസ് സൂക്ഷ്മായി വിശദീകരിച്ചു.

ഇടശ്ശേരിയുടെ പിൻനിലാവുള്ള രാത്രി ബിന്ദുവും അന്തിത്തിരി ഇന്ദുവും

ആർദ്രമധുരമായിത്തന്നെ അവതരിപ്പിച്ചു. കാവ്യാലാപനത്തിന്റെ തുടർച്ചയെന്നോണമാണ് ഇടശ്ശേരിക്കവിതകളെ മുൻനിർത്തിയുള്ള ഓരോ വാക്യവും ഓരോരുത്തരിൽ നിന്നും പുറപ്പെട്ടത് എന്നത് അത്യന്തം അത്ഭുതത്തോടെയാണ് സദസ്സ് കേട്ടിരുന്നത്.

ഒരു കവി കവിതയിൽ രേഖപ്പെടുത്തിപ്പോയ ജീവിതം,അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നവരും അദ്ദേഹം പിരിഞ്ഞുപോയ കാലത്ത് കഥയുറച്ചിട്ടില്ലാത്തവരും ജനിച്ചിട്ടു

പോലുമില്ലാത്തവരുമായ ഒരു കൂട്ടം മനുഷ്യർ അവരുടെ സാമൂഹ്യജീവിതത്തെയും വ്യക്തിജീവിതത്തെയും മുൻനിർത്തി,അദ്ദേഹം മരിച്ചടർന്നു പോയി അൻപതു വർഷം പിന്നിട്ടിട്ടും അനവരതം പറയുന്നു എന്നതു തന്നെയാണ് ആ കവിജീവിതത്തിന്റെ നിറവ് എന്നു ഞാൻ കരുതുന്നു.

ഇടശ്ശേരി സാഹിത്യമന്ദിരത്തിൽ അദ്ദേഹത്തിന്റെ ഒരു പൂർണ്ണകായ ചിത്രം നിങ്ങൾക്ക് ഈ പടങ്ങളിലെല്ലാം കാണാം. ആ ചിത്രം പലപ്പോഴും സജീവമായിത്തന്നെ ഈ ചർച്ചകളെ നിർനിമേഷം നോക്കിനിൽക്കുന്നതായി എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. ഇടശ്ശേരി കലാപാഠശാലയും ഇടശ്ശേരി സ്മാരക സമിതിയും സംഘടിപ്പിക്കുന്ന പരിപാടികൾക്ക് ശേഷം എല്ലാവരും പിരിഞ്ഞു പോയാൽ കുറച്ചു നേരം ആ ഹാളിൽ തനിച്ചിരിക്കുന്ന ഒരു ശീലം എനിക്കുണ്ട്. നിറഞ്ഞ മനസ്സുമായി ഓരോ തവണയും അവിടെ നിന്ന് എഴുന്നേറ്റ് പുറത്തു കടക്കും മുമ്പ് എന്നും എന്റെ പിൻചുമലിൽ ഒരദൃശ്യസ്പർശം ഞാൻ അനുഭവിക്കുന്നുണ്ട്. എന്റെ അച്ഛന് ഏറെ പ്രിയങ്കരനായിരുന്ന ആ മനുഷ്യന്റെ കൈത്തലത്തിന്റെ സ്പർശം തന്നെയാണത്,ഞാൻ സംശയിക്കുന്നില്ല.

വന്നുചേർന്നും മനസ്സുകൊണ്ട് ചേർന്നും ഞങ്ങളോടൊപ്പം തുടർന്നുപോരുന്ന ഓരോരുത്തർക്കും എന്റെ നന്ദി.

'ഒരു പൂ മതി ഉർവ്വിക്ക് ചൈത്രമാസം കുറിക്കുവാൻ..'